**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2320** **12-02-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എത്ര കുടുംബങ്ങളാണ് നിലവിൽ ഉള്ളതെന്നും ഇതിൽ എത്ര കുടുംബങ്ങൾക്കാണ് കേന്ദ്ര ഗവൺമെന്റ് വിഹിതം ലഭ്യമാകുന്നതെന്നും വിശദമാക്കാമോ; | (എ) | നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 41,99,233 കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. ആയതിൽ 23,97,610 കുടുംബങ്ങൾക്ക് മാത്രമാണ് കേന്ദ്ര ഗവൺമെന്റ് വിഹിതം ലഭിക്കുന്നത്. |
| (ബി) | കേന്ദ്ര ഗവൺമെന്റ് പ്രീമിയം തുക കണക്കാക്കി ഒരു കുടുംബത്തിന് എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ആകെയുള്ള ചികിത്സ ചെലവിന്റെ 60% അല്ലെങ്കിൽ ഒരു കുടുംബത്തിന് പരമാവധി 631.2 രൂപ വീതം ഒരു വർഷത്തെ തുക (നിലവിൽ 23,97,610 x 631.2 = Rs. 151,33,71,432/-) ഇതിൽ ഏതാണോ കുറവ് അത് കേന്ദ്ര വിഹിതമായി ലഭിക്കും. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസ്പ് -ൽ ഓരോ സാമ്പത്തിക വർഷവും എത്രകോടി രൂപയാണ് ചെലവഴിച്ചതെന്നും അതിൽ കേന്ദ്ര വിഹിതമായി എത്ര കോടി രൂപ ലഭിച്ചുവെന്നും അറിയിക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം **കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**യ്ക്ക് 2020-2021-ൽ4,94,68,07,182 രൂപയും, 2021-2022-ൽ11,41,39,89,685 രൂപയും, 2022-2023-ൽ 10,51,33,71,432 രൂപയും, 2023-2024-ൽ 7,94,72,85,720 രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>അതിൽ 2020-2021ൽ 1,38,10,61,182 രൂപയും, 2021-2022ൽ 1,38,89,89,685 രൂപയും, 2022-2023ൽ 1,51,33,71,432 രൂപയും, 2023-2024 ൽ 1,51,33,71,432 രൂപയും കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ കാസ്പ്-ൽ അംഗമല്ലാത്ത കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ വിട്ടുപോയ ബി.പി.എൽ കുടുംബങ്ങളെ ഉൾപ്പെടുത്തി പദ്ധതിയുടെ ഡാറ്റാബേസ്, ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻ.എഫ്.എസ്.എ) ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ പുതുക്കി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.<br><br>എന്നിരുന്നാലും നിലവിൽ കാസ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വാർഷിക വരുമാനം 3 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് APL/BPL വ്യത്യാസമില്ലാതെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ സേവനം കാസ്പ് പദ്ധതിയ്ക്കായി എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നിന്നും,18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കായി ആരോഗ്യകിരണം പദ്ധതിയുടെ സേവനം എന്നിവ സർക്കാർ ആശുപത്രകളിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ